# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1413 — 15.6.2012-ൽ മറുപടിയ്ക്ക്

**'എന്റെ മാവ്' പദ്ധതി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. രാജു | **ശ്രീ . കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |

(എ) സംസ്ഥാന കൃഷിവകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിരുന്ന 'എന്റെ മാവ്' പദ്ധതി എത്ര നിയോജക മണ്ഡലങ്ങളിൽ നടപ്പിലാക്കി എന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിന് നിലവിൽ ഉള്ള ബുദ്ധിമുട്ടുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(എ) & (ബി) സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള 2011-12 സാമ്പത്തിക വർഷത്തിൽ മാവിന്റെ വിളവിസ്തൃതി വ്യാപനം 'വീട്ടിൽ ഒരു മാവ് ' എന്ന പേരിലാണ് നടപ്പിലാക്കിയത്. ഈ പദ്ധതിയെ കേരള സർക്കാരിന്റെ നിറവ് എന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 9 ജില്ലകളിലെ 11 നിയോജക മണ്ഡലങ്ങളിൽ ആണ് നടപ്പിലാക്കിയത്. കൂടാതെ പത്തനംതിട്ടയിലെ 5 നിയോജക മണ്ഡലങ്ങളിലും എറണാകുളം ജില്ലയിലെ 2 നിയോജക മണ്ഡലങ്ങളിലും മലപ്പുറം ജില്ലയിലെ 8 നിയോജക മണ്ഡലങ്ങളിലും നിറവിൽ ഉൾപ്പെടാതെ 'വീട്ടിൽ ഒരു മാവ്' പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.
വീട്ടിൽ ഒരു മാവ് പദ്ധതി നടപ്പിലാക്കിയ നിയോജക മണ്ഡലങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | നിയോജക മണ്ഡലം |
|---|---|---|
| 1. | കൊല്ലം | പത്തനാപുരം |
| 2. | ആലപ്പുഴ | ചെങ്ങന്നൂർ |
| 3. | ഇടുക്കി | തൊടുപുഴ |
| 4. | എറണാകുളം | പറവൂർ (നിറവ് നിയോജക മണ്ഡലം) തൃപ്പൂണിത്തറ, പള്ളുരുത്തി |
| 5. | തൃശ്ശൂർ | കൊടുങ്ങല്ലൂർ |
| 6. | മലപ്പുറം | കോട്ടക്കൽ (നിറവ് നിയോജക മണ്ഡലം) വേങ്ങര, തിരൂരങ്ങാടി, നിലമ്പൂർ, മങ്കട, പെരിന്തൽമണ്ണ, കുണ്ടോട്ടി, മഞ്ചേരി, വള്ളിക്കുന്ന്. |
| 7. | കോഴിക്കോട് | പേരാമ്പ്ര, നാദാപുരം, ബാലുശ്ശേരി |
| 8. | വയനാട് | കല്പ്പറ്റ |
| 9. | കണ്ണൂർ | കൂത്തുപറമ്പ് |
| 10. | പത്തനംതിട്ട | പള്ളിക്കൽ, നെടുമ്പുറം, കൊട്ടാങ്കൽ, കുളനട, വള്ളിക്കോട് |

സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖാന്തിരം 'എന്റെ മാവ് ' പദ്ധതി നടപ്പിലാക്കുന്നില്ല.

(സി) സംസ്ഥാനത്ത് ഹോർട്ടികൾച്ചർ മിഷൻ മുഖേന നിലവിൽ ആനുകൂല്യങ്ങൾ നൽകുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(സി) സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള മുഖേന ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ, ദേശീയ ഔഷധ സസ്യ മിഷൻ എന്നീ രണ്ട് കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടുകൂടി തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കുന്ന പച്ചക്കറികൃഷി നാടിനും നഗരത്തിനും എന്ന പദ്ധതി, വാഴ, പച്ചക്കറികൾ എന്നിവയുടെ സൂക്ഷ്മകൃഷി, ടിഷ്യുക്കൾച്ചർ വാഴതൈകൾ ഉപയോഗിച്ചുള്ള വാഴകൃഷി, കൂൺകൃഷി വികസനം, വട്ടവട, കാന്തല്ലൂർ പ്രദേശങ്ങളിലെ ശീതകാല പച്ചക്കറികൃഷി, ഇടുക്കി ജില്ലയിലെ ശീതകാല ഫലവർഗ്ഗകൃഷി വികസനം എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ